# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5199 | 27.06.2019 ൽ മറുപടിയ്ക്ക് |
|---|---|
| **സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗൻവാടികൾ** | |
| ചോദ്യം | മറുപടി |
| **ശ്രീ.പി. ഉണ്ണി** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗൻവാടികളുടെ വിശദാംശം ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ; | എ) ശേഖരിച്ചിട്ടുണ്ട്.<br>തിരുവനന്തപുരം - 1233<br>കൊല്ലം - 922<br>പത്തനംതിട്ട - 551<br>ആലപ്പുഴ - 1032<br>കോട്ടയം - 707<br>ഇടുക്കി - 174<br>എറണാകുളം - 820<br>തൃശ്ശൂർ - 524<br>പാലക്കാട് - 453<br>മലപ്പുറം - 892<br>കോഴിക്കോട് - 508<br>വയനാട് - 95<br>കണ്ണൂർ - 311<br>കാസർഗോഡ് - 91<br>**ആകെ - 8313** |
| ബി) പ്രസ്തുത അംഗൻവാടികൾക്ക് സ്വന്തം കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ; | ബി) മൂന്ന് സെന്റോ അതിൽ കൂടുതലോ സ്ഥലം ലഭ്യമായാൽ മാത്രമേ അങ്കണവാടി കെട്ടിട നിർമ്മാണം നടത്താൻ കഴിയുകയുള്ളൂ ഇത്തരത്തിൽ വിവിധ ജില്ലകളിലായി 210 സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ടി സ്ഥലങ്ങളിൽ സർക്കാർ തയ്യാറാക്കിയ ഏകീകൃത പ്ലാനിന്റെ അടിസ്ഥാനത്തിൽ ഫണ്ടിന്റെ |

| | |
|---|---|
| | ലഭ്യതക്കനുസരിച്ച് കെട്ടിടം കെട്ടുന്നതിൽ നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ സർക്കാർ വക പുറമ്പോക്ക് ഭൂമി ലഭ്യമാക്കി ബന്ധപ്പെട്ട ജില്ലാ കളക്ടർമാരിൽ നിന്നും ഉപയോഗാനുമതി ലഭ്യമാക്കി അങ്കണവാടി കെട്ടിടം നിർമ്മിക്കാനും പദ്ധതി ആവിഷ്കരിച്ച് വരുന്നു. |
| സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; | സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി ആകെ 1229 അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ട്.<br>MGNREGS – പദ്ധതിയിൽ - 720 അങ്കണവാടികൾ<br>**State Plan Fund**<br>2016-17 - 240<br>2017-18 - 218<br>NABARD – 41<br>MODEL ANGANWADI – 10<br>**TOTAL - 1229** |
| ഡി) സംസ്ഥാനത്തെ അംഗൻവാടികളുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനും ശിശു സൗഹൃദമാക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | ഡി) അങ്കണവാടികളെ ശിശു സൗഹൃദമാക്കുന്നതിന്റെ ഭാഗമായി സ്മാർട്ട് അങ്കണവാടികൾ നിർമ്മിക്കുന്നതിനായി ഒരു ഏകീകൃത പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികളിൽ 2018-19 സാമ്പത്തിക വർഷം 1119 എണ്ണത്തിന് ശിശു സൗഹൃദ ടോയിലെറ്റ് പണിയുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 അനുപാതത്തിൽ ഫണ്ട് നൽകിയിട്ടുണ്ട്. ആയത് ശിശു വികസന പദ്ധതി ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്. ശിശു സൗഹൃദ ടോയിലെറ്റുകളുടെ പണി പൂർത്തീകരിച്ചു വരുന്നു. അതോടൊപ്പം സ്വന്തമായി കെട്ടിടം ഉള്ള അങ്കണവാടികളിൽ കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നതിനായി 663 അങ്കണവാടികൾക്ക് |

| | |
|---|---|
| | കുടിവെള്ള സംവിധാനം ഒരുക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ 60:40 അനുപാതത്തിൽ ഫണ്ട് അനുവദിച്ചിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു. |
| ഇ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത എത്ര അംഗൻവാടികൾ ഉണ്ട്; അവ ഏതെല്ലാം; പ്രസ്തുത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വിശദീകരിക്കാമോ? | ഇ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത 17 അങ്കണവാടികൾ ഉണ്ട്.<br>**<u>ശ്രീകൃഷ്ണപുരം ICDS</u>**<br>1) സെ.നം. 2 ചെട്ടിയങ്ങാടി അങ്കണവാടി - എം.എൽ.എ ഫണ്ട് ഉപയോഗിച്ച് കെട്ടിടം പണിയാൻ തീരുമാനിച്ചിട്ടുണ്ട്.<br>2) സെ. നം. 34 കടുങ്ങംചിറ – വകുപ്പ് ഫണ്ടും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടും ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br>3) സെ. നം. 43 കല്ലുവഴി നോർത്ത് - ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്.<br>**<u>മണ്ണാർക്കാട് അഡീഷണൽ ICDS</u>**<br>4. സെ.നം. 154 തൊട്ടുകാപ്പ് അങ്കണവാടി - ടി അങ്കണവാടിക്ക് സ്വന്തമായി സ്ഥലം വാങ്ങുവാൻ തച്ചനാട്ടുകര ഗ്രാമപഞ്ചായത്ത് നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>5. സെ. നം. 135 ചാമപ്പറമ്പ് അങ്കണവാടി - ടി അങ്കണവാടിക്ക് കെട്ടിടം പണിയാൻ ബ്ലോക്ക് പഞ്ചായത്തിൽ പ്രോജക്ട് അപ്രൂവ് ചെയ്തിട്ടുണ്ട്. കൂടാതെ സ്മാർട്ട് അങ്കണവാടി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്.<br>**<u>ഒറ്റപ്പാലം ICDS</u>**<br>ലക്കിടി പേരൂർ പഞ്ചായത്തിൽ 4 അങ്കണവാടി സെന്ററുകൾക്ക് (സെ.നം. 23, 25, 27, 31) സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ല. സ്ഥലം കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. സെ. നം. 19 ന് സ്വന്തം |

| | |
|---|---|
| | കെട്ടിടം ഉപയോഗയോഗ്യമല്ലാത്തതാണ്. സ്ഥലം ലഭ്യമാക്കാനും കെട്ടിടത്തിന് ഫണ്ട് ലഭ്യമാക്കാനും നടപടി സ്വീകരിച്ച വരുന്നു.<br>അമ്പലപ്പാറ പഞ്ചായത്തിൽ 2 അങ്കണവാടി സെന്ററുകൾക്ക് (സെ.നം. 70, 39) സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ല. സെന്റർ നം. 70, 39 ന് സ്ഥലം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. സെ. നം. 44 ന് കെട്ടിട നിർമ്മാണത്തിനായി 2019-20 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് വകയിരുത്തിയിട്ടുണ്ട്. സെന്റർ നം. 39 ഇപ്പോൾ പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.<br>ഒറ്റപ്പാലം മുനിസിപ്പാലിറ്റിയിൽ സെ. നം. 106, 110 എന്നിവയ്ക്ക് സ്ഥലവും കെട്ടിടവുമില്ല. സെ. നം. 88, 112 എന്നിവയ്ക്ക് സ്വന്തമായി സ്ഥലമുള്ളതും കെട്ടിടമില്ലാത്തതുമാണ്. 88 ന് കെട്ടിട നിർമ്മാണാനുമതി റെയിൽവേ നൽകുന്നില്ല. 112 ന് KLU ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ